**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 102** **14-03-2022 - ൽ മറുപടിയ്ക്ക്**

**അനധികൃതമായി കൈവശം വെച്ചിരിക്കുന്ന ഭൂമി തിരിച്ചുപിടിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്റഫ്,<br>ശ്രീ . പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂപരിഷ്കരണ നിയമ പ്രകാരം കൈവശം വയ്ക്കാവുന്ന പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വച്ചിട്ടുള്ളവരുണ്ടോ എന്ന് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 82-ാം വകുപ്പിൽ വ്യക്തിക്കും/കുടുംബത്തിനും/ ഇതര സ്ഥാപനങ്ങൾക്കും കൈവശം വെയ്ക്കാവുന്ന ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ട്. ഈ പരിധിയിൽ കൂടുതൽ ഭൂമി വ്യക്തി/കുടുംബം/ഇതര സ്ഥാപനങ്ങൾ കൈവശം വെയ്ക്കുന്നതായി കണ്ടെത്തുന്ന മുറയ്ക്ക് അവർക്കെതിരെ മിച്ചഭൂമി കേസുകൾ ആരംഭിക്കുന്നതിനുള്ള നിയമാനുസരണ നടപടികൾ സംസ്ഥാനത്തെ 77 താലൂക്ക് ലാൻഡ് ബോർഡുകൾ മുഖേന സ്വീകരിച്ച് വരുന്നുണ്ട്. ഇപ്രകാരം സീലിംഗ് പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വെയ്ക്കുന്നുവെന്ന് കണ്ടെത്തുന്ന മേൽ പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെട്ടവർക്കെതിരെ മിച്ചഭൂമി കേസുകൾ രജിസ്റ്റർ ചെയ്യുന്നതും, നിയമാനുസരണമുള്ള നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട്, മിച്ചഭൂമി ഏറ്റെടുക്കുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നതും അതാത് താലൂക്ക് ലാൻഡ് ബോർഡുകളാണ്. സബ് രജിസ്ട്രാർ ഓഫീസുകളിൽ ആധാരം രജിസ്റ്റർ ചെയ്യുന്ന സമയത്ത് പ്രസ്തുത വസ്തു വിൽക്കുന്നയാളും വാങ്ങുന്നയാളും അവരവരുടെ കൈവശമുള്ള ആകെ ഭൂമിയുടെ വിവരങ്ങൾ അതാത് സബ് രജിസ്ട്രാർ മുമ്പാകെ നിശ്ചിത ഫോറത്തിൽ ഒരു ഡിക്ലറേഷനായി സമർപ്പിക്കേണ്ടതാണ്. (1970-ലെ കേരള ഭൂപരിഷ്കരണ(ടെനൻസി) ചട്ടങ്ങളിലെ ചട്ടം 145, സെക്ഷൻ 120 പ്രകാരമുള്ള ഫാറം നമ്പർ 58). ഈ ഡിക്ലറേഷൻ ബന്ധപ്പെട്ട തഹസിൽദാർ മാർക്ക് കൈമാറണമെന്നാണ് വ്യവസ്ഥചെയ്തിട്ടുള്ളത്. ഈ ഡിക്ലറേഷൻ പരിശോധിക്കുമ്പോൾ ബന്ധപ്പെട്ട കക്ഷി കൾക്ക് പരിധിയിൽ കവിഞ്ഞ ഭൂമിയുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ അവർക്കെതിരെ നിയമാനുസരണം |

| | | | |
|---|---|---|---|
| | | | മിച്ചഭൂമി കേസ് ആരംഭിക്കുന്നതിനായി പ്രസക്ത വിവരങ്ങൾ ബന്ധപ്പെട്ട തഹസിൽദാർ, താലൂക്ക് ലാൻഡ് ബോർഡിന് കൈമാറുകയും നിയമാനുസരണം മിച്ചഭൂമിക്കേസ് ആരംഭിക്കുകയുമാണ് ചെയ്യുന്നത്. കൂടാതെ 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 85A വകുപ്പ് പ്രകാരം പരിധിയിൽ കൂടുതൽ ഭൂമിയുള്ള മേൽ പരാമർശിച്ച വിഭാഗക്കാർ നിശ്ചിത ദിവസത്തിനകം ലാൻഡ് ബോർഡ് മുമ്പാകെ സീലിംഗ് റിട്ടേൺ ഫയൽ ചെയ്യുവാനും ബാദ്ധ്യസ്ഥരാണ്. |
| (ബി) | അത്തരത്തിൽ പരിധിയിൽ കവിഞ്ഞ് ഭൂമി കൈവശം വച്ചിട്ടുള്ളവരുണ്ടെങ്കിൽ അവരിൽ നിന്നും ആയത് തിരിച്ചുപിടിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; | (ബി) | പരിധിയിൽ കവിഞ്ഞ ഭൂമി കൈവശം വച്ചിട്ടുള്ളവരെ കണ്ടെത്തി അവരിൽ നിന്നും നിയമാനുസരണ നടപടികൾ പൂർത്തിയാക്കി മിച്ചഭൂമി കണ്ടെത്തി, ആയത് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സംസ്ഥാനത്തെ 77 താലൂക്ക് ലാൻഡ് ബോർഡുകൾ മുഖേനയാണ് സ്വീകരിച്ചുവരുന്നത്. താലൂക്ക് ലാൻഡ് ബോർഡുകളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നതിനായി സംസ്ഥാനത്തെ എല്ലാ താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരെയും ഉൾപ്പെടുത്തിക്കൊണ്ടുള്ള അവലോകന യോഗങ്ങൾ മന്ത്രിതലത്തിലും സംസ്ഥാന ലാൻഡ് ബോർഡിന്റെയും, ലാൻഡ് ബോർഡ് സെക്രട്ടറിയുടെയും നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. ഈ യോഗത്തിലൂടെ മിച്ചഭൂമി കേസുകൾ സമയ ബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിന് എല്ലാ ചെയർമാൻമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. കൂടാതെ സംസ്ഥാനത്തെ വിവിധ താലൂക്ക് ലാൻഡ് ബോർഡുകളിൽ നിലവിൽ കുടിശ്ശികയുള്ള 1300 കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിനും തദ്വാര കൂടുതൽ മിച്ചഭൂമി കണ്ടെത്തുന്നതിനുമായി താലൂക്ക് ലാൻഡ് ബോർഡുകളെ സജ്ജരാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തെ 14 ജില്ലകളിലേയും താലൂക്ക് ലാൻഡ് ബോർഡ് ചെയർമാൻമാരായിട്ടുള്ള എല്ലാ സബ് കളക്ടർ/ ഡെപ്യൂട്ടി കളക്ടർ/ ആർ.ഡി.ഒമാർക്കും, അനുബന്ധ ഉദ്യോഗസ്ഥർക്കും, കേരള ഭൂപരിഷ്കരണ നിയമത്തിലും അനുബന്ധ ചട്ടങ്ങളിലും പരിജ്ഞാനം നൽകുന്നതിനുള്ള പരിശീലന ക്ലാസ്സുകൾ സംസ്ഥാന ലാൻഡ് ബോർഡിന്റെ നേതൃത്വത്തിൽ കഴിഞ്ഞ 6 മാസ കാലയളവിനുള്ളിൽ പൂർത്തിയാക്കിയിട്ടുള്ളതാണ്. കൂടാതെ മിച്ചഭൂമി കേസുകൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ടി പ്രസ്തുത നിയമത്തിലെ/ ചട്ടത്തിലെ വിവിധ വകുപ്പുകൾ/ചട്ടങ്ങൾ/ നടപടിക്രമങ്ങൾ ലളിതമായ രൂപത്തിൽ വ്യക്തമാക്കുന്ന സർക്കുലർ, എല്ലാ താലൂക്ക് ലാൻഡ് |

| | | | |
|---|---|---|---|
| | | | ബോർഡ് ചെയർമാൻമാർക്കും സംസ്ഥാന ലാൻഡ് ബോർഡിൽ നിന്നും നൽകിയിട്ടുണ്ട്. |
| (സി) | അധിക ഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ നിന്ന് എന്തെങ്കിലും നിർദ്ദേശം അടുത്തകാലത്ത് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ഭൂപരിധി ലംഘിച്ച് കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കുന്നതുമായി ബന്ധപ്പെട്ട കേസുകൾ ബഹു.ഹൈക്കോടതി മുമ്പാകെ വരുമ്പോൾ, ടി കേസുകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് താലൂക്ക് ലാൻഡ് ബോർഡുകൾക്ക് ബഹു.ഹൈക്കോടതി ഉത്തരവ് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ